# പതിമൂന്നാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 679 — 13/06/2012 ൽ മറുപടിക്ക്

### കാസർകോട് ജില്ലാ ആശുപത്രിയിൽ കാൻസർ ചികിത്സാ സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ഏതെല്ലാം ജില്ലാ ആശുപത്രികളിലാണ് ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ; | (എ) | നിലവിൽ എറണാകുളം ജനറൽ ആശുപത്രിയിൽ മാത്രമാണ് ക്യാൻസർ ചികിത്സാസൌകര്യം ഏർപ്പെടുത്തിയിട്ടുള്ളത്.<br>കീമോതെറാപ്പി, റേഡിയോതെറാപ്പി എന്നീ ചികിത്സാവിധികളും, അർബുദരോഗ മരുന്നുകളും, ക്യാൻസർ നിർണ്ണയ ക്ലിനിക്കും, ഓങ്കോളജിസ്റ്റിന്റെ സേവനവും ഇവിടെ ലഭ്യമാണ്. |
| (ബി) | കാസർകോട് ജില്ലാ ആശുപത്രിയിൽ ക്യാൻസർ ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ബി) | മലബാർ കാൻസർ സെന്റർ നിലവിൽ കാസർകോഡ് ജില്ലാ ആശുപത്രിയുമായി സഹകരിച്ച് ഒ.പി. വിഭാഗത്തിലൂടെ കാൻസർ പരിശോധന നടത്തിവരുന്നു. എല്ലാ ബുധനാഴ്ചകളിലും രാവിലെ 9 മണി മുതൽ ഉച്ചയ്ക്ക് 1 മണിവരെ ജില്ലാ ആശുപത്രിയിൽ എം. സി. സി. യിൽ നിന്നും ഒരു വിദഗ്ദ ഡോക്ടറുടെ സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ ടെലിമെഡിസിനിലൂടെയും രോഗികൾക്ക് മലബാർ കാൻസർ സെന്ററിലെ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിന് സൗകര്യമുണ്ട്. |

സെക്ഷൻ ഓഫീസർ